"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: വി.എൻ.ജിതേന്ദ്രൻ)

ഉത്തരവ് നം.: E8-39687/12/DSJ.

തിരുവനന്തപുരം
തീയതി:10-06-2014

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് OA No.1969/2012-ൻമേൽ 26.9.2013ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിന്യായം നടപ്പിൽ വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. G.O(P)No.54/2010/SWD തീയതി 10.8.2010
2. G.O(P) No.78/2012/SJD തീയതി: 27.12.2012.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No.1969/2012-ൻമേൽ പുറപ്പെടുവിച്ച 26.9.2013ലെ വിധിന്യായം.
4. G.O(Rt)No. 474/2013/SJD Dtd: 20.9.2013
5. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 29.6.2012ലെ ഇ7-20341/2012 നം. നടപടിക്രമങ്ങൾ
6. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 6.12.2013ലെ ഇ7-312/2013 നം. നടപടിക്രമങ്ങൾ.
7. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 7.12.2013ലെ ഇ8-39687/2012 നം. നടപടിക്രമങ്ങൾ.
8. സാമൂഹ്യനീതി ഡയറക്ടറുടെ 1.3.2014ലെ ഇ7-14852/2013 നം. പ്രൊപ്പോസ്സൽ.
9. സാമൂഹ്യനീതി ഡയറക്ടറുടെ 3.5.2014ലെ ഇ8-39687/2012/SJD നം. പ്രൊപ്പോസൽ
10. 4.6.2014ലെ സർക്കാർ കത്ത് നമ്പർ 15807/എ1/2013/സാ.നീ.വ
11. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 29.1.2014ലെ ഇ9-37883/13 നം. നടപടിക്രമം.
12. സാമൂഹ്യനീതി ഡയറക്ടറുടെ 19.3.2012ലെ ഇ9/46406/11/DSW നം. സീനിയോറിറ്റി ലിസ്റ്റ്.
13. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 30.4.12ലെ ഇ9-26550/11(1)&(2) -ാം നംപർ സീനിയോറിറ്റി ലിസ്റ്റ്.
14. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 28.11.08ലെ ഇ9-46073/08- ാം നംപർ സീനിയോറിറ്റി ലിസ്റ്റ്.
15. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 22.2.06ലെ ഇ11(4)-24893/05- ാം നംപർ സീനിയോറിറ്റി ലിസ്റ്റ്.

സാമൂഹ്യനീതി വകുപ്പിൽ കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അജിത്കുമാർ.റ്റി മുതൽ പേർ ചേർന്ന് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ പരാമർശം (5) പ്രകാരം നടത്തപ്പെട്ടിട്ടുള്ള ഉദ്യോഗക്കയറ്റത്തിൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ അർഹമായ ക്വാട്ട നികത്തപ്പെട്ടിട്ടില്ല



PDF processed with CutePDF evaluation edition www.CutePDF.com

എന്ന വാദം ഉന്നയിച്ചും 14 ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ ഹെഡ്അക്കൗണ്ടന്റ് തസ്തികയായി പുനർനാമകരണം ചെയ്ത നടപടി ചോദ്യം ചെയ്തും ഫയൽ ചെയ്ത OA No.1969/2012-ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3)ലെ വിധിന്യായം 5- ാം ഖണ്ഡികയിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ പരാമർശം (1) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ നിജപ്പെടുത്തിയിട്ടുള്ള റേഷ്യോ പ്രകാരം ഉദ്യോഗക്കയറ്റം നൽകണമെന്നും ഏതെങ്കിലും ഫീഡർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ റേഷ്യോ മറികടന്ന് നിയമിച്ചിട്ടുണ്ടെങ്കിൽ ആയത് റിവർഷൻ മുഖേന ക്രമീകരിച്ച് അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകണമെന്നും ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"We considered the rival contentions made at the Bar, went through the pleadings and materials on record. We think that the direction issued by the "Government to the Director to review the promotion made to the post of Inspector Child Welfare / Superintendent Welfare Institution Grade III will redress the grievance of the applicants. While the review is undertaken, the second respondent shall ensure that the promotions are made strictly in accordance with the ratio prescribed in the Special Rules. It means, excess promotees, from any stream shall be reverted and the dearth in the quota for other streams shall be filled up by qualified hands available in the respective streams."

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച മേൽ പ്രസ്താവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിലും, സാമൂഹ്യനീതി വകുപ്പിൽ CWI തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ 31.5.13ൽ വിരമിച്ച ശ്രീ.ചന്ദ്രൻ കണ്ണാലിയിലും കൂട്ടരും ചേർന്ന് ബഹു.Kerala Administrative Tribunal മുമ്പാകെ ഫയൽ ചെയ്തിരുന്ന OA (EKM) No.4/2013-ൽ മേൽ പുറപ്പെടുവിച്ച 19.2.13ലെ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം (4)ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലും, പരാമർശം (1) പ്രകാരം 10.8.2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന വിശേഷാൽ ചട്ടം കാറ്റഗറി 12ൽ ഉൾപ്പെടുന്ന ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / CWI തസ്തികയിൽ 29.6.2012ലെ E7/20341/12 നമ്പർ (പരാമർശം 5) നടപടിക്രമത്തിലൂടെ നടത്തപ്പെട്ട ഉദ്യോഗക്കയറ്റങ്ങൾ വിശേഷാൽ ചട്ടാനുസരണം പുന: പരിശോധിക്കുകയുണ്ടായി.

3. പരാമർശം (1) പ്രകാരം 10.8.2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 12-ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ പരാമർശം (5)ലെ ഉത്തരവിൻ പ്രകാരം 30 ജീവനക്കാർക്കാണ് ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്നത്. വിശേഷാൽ ചട്ടത്തിനനുസൃതമായി പ്രസ്തുത ഉദ്യോഗക്കയറ്റ ഉത്തരവ് 29.6.2012 പ്രാബല്യത്തിൽ പുന പരിശോധന നടത്തിയതിൽ പുതിയ വിശേഷാൽ ചട്ടം നിലവിൽ വന്ന 10.8.2010 തീയതിയ്ക്ക് മുമ്പ് വകുപ്പിൽ നിലനിന്നിരുന്ന 1992-ലെ കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം യു.ഡി.ക്ലാർക്ക് തസ്തികയിൽ നിന്ന് ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്ന ജീവനക്കാരിൽ 29.6.2012ൽ 11 ജീവനക്കാർ ഉണ്ടായിരുന്നതായും, അപ്രകാരം കേഡർ സെട്രങ്ത് ഉയർന്നു നിൽക്കെ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടപ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ KS&SSR ചട്ടം 28 A(1) പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചിരുന്ന 6 ജീവനക്കാരെ ചട്ടവിരുദ്ധമായി ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ നിയമനം

നൽകിയിരുന്നതായും കണ്ടെത്തിയിരുന്നു. പ്രസ്തുത 6 തസ്തികകൾ 29.6.2012 തീയതിയിൽ ഹർജിക്കാർ ഉൾപ്പെടുന്ന വിഭാഗത്തിനും മറ്റു ഇതരവിഭാഗത്തിലുമുള്ള ഫീഡർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ അർഹമായ ഉദ്യോഗക്കയറ്റ സാധ്യത ആയിരുന്നുവെന്നും പുനഃപരിശോധനയിൽ കണ്ടെത്തിയിരുന്നു. അതുപോലെ തന്നെ ആകെ നടത്തപ്പെട്ട 30 ഉദ്യോഗക്കയറ്റങ്ങളിൽ 4 ഉദ്യോഗക്കയറ്റ നിയമനങ്ങൾ കേഡർ സ്ട്രെങ്ത്തിനു പുറത്ത് തസ്തിക കൂടാതെ നടത്തപ്പെട്ടവയായിരുന്നുവെന്നും അപ്രകാരം അംഗീകൃത തസ്തിക കൂടാതെ 4 ജീവനക്കാർ സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് 29.6.2012ൽ ആരംഭിച്ച് 3.10.2013ൽ അവസാനിക്കുന്ന കാലഘട്ടത്തിലായിരുന്നുവെന്നും പുനഃപരിശോധനയിൽ കണ്ടെത്തിയിരുന്നു. വിശേഷാൽ ചട്ടാനുസരണം നടത്തിയ പുനപരിശോധനയിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരാമർശം (5)ലെ ഉത്തരവ് പുനഃക്രമീകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ ഹർജിയിലെ 2-ാം എതിർ കക്ഷിയും നിയമന അധികാരിയും കൂടിയായ സാമൂഹ്യനീതി ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്.

(i) ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ KS&SSR ചട്ടം 28 (എ)(1)പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച് എന്നാൽ ചട്ട വിരുദ്ധമായി കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് ചട്ടം 2010 കാറ്റഗറി 12ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയുടെ ചുമതല വഹിച്ചു വന്നിരുന്ന (29.6.2012ലെ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ സഹിതം) എല്ലാ മിനിസ്റ്റീരിയൽ ജീവനക്കാരെയും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയുടെ ചുമതലയിൽ നിന്ന് മാറ്റി അവരുടെ യഥാർത്ഥ തസ്തികയായ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നൽകി പരാമർശം (6), (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3)ലെ വിധിന്യായം ഭാഗികമായി നടപ്പിലാക്കുകയുണ്ടായി.

(ii) പുനഃപരിശോധനയിൽ കേഡർ സ്ട്രെങ്ത്തിനു പുറത്ത് ഉദ്യോഗക്കയറ്റം നൽകപ്പെട്ടതായി കണ്ടെത്തിയ 4 ജീവനക്കാരുടെ അധിക തസ്തിക കാലയളവ് (29.6.2012 മുതൽ 3.10.2013 വരെ) സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ക്രമീകരിക്കുന്നതിന് പരാമർശം (8) പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

(iii) സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അധിക തസ്തിക നിയമനം ക്രമീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3)ലെ വിധിന്യായം നടപ്പിലാക്കുന്നതിലേയ്ക്ക് 29.6.2012ൽ മിനിസ്റ്റീരിയൽ ഇതര വിഭാഗം ജീവനക്കാർക്ക് അനുവദിക്കേണ്ടതായിട്ടുള്ള 6 ഉദ്യോഗക്കയറ്റ ഒഴിവുകൾ ഉൾപ്പെടെ നിലവിലുള്ള 10 ഒഴിവുകൾ നികത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (9) പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

4. മേൽ പ്രസ്താവിച്ച നടപടികളുടെ ഭാഗമായി ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ കേഡർ സ്ട്രെങ്ത് അധികരിച്ച് അംഗീകൃത തസ്തികയിലല്ലാതെ നടത്തപ്പെട്ട 4 നിയമനങ്ങൾ 3.10.2013ന് ശേഷം കേഡർ സ്ട്രെങ്ത്തിനുള്ളിൽ ക്രമീകരിച്ചിട്ടുള്ളതിനാലും ടി തസ്തികയുടെ നിയമനാധികാരി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറായതിനാലും ടി തസ്തികയിലേക്കുള്ള താൽക്കാലിക ഉദ്യോഗക്കയറ്റം സാമൂഹ്യനീതി ഡയറക്ടർക്ക് തന്നെ അനുവദിക്കാവുന്നതാണെന്ന് പരാമർശം (10) പ്രകാരം സർക്കാർ അറിയിക്കുകയുണ്ടായി.

5. ഈ സാഹചര്യത്തിൽ പരാമർശം (1)ലെ വിശേഷാൽ ചട്ടം നിലവിൽ വന്ന 10.8.2010ന് ശേഷം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച പരാമർശം (5)ലെ നടപടിക്രമം വിശേഷാൽ ചട്ടാനുസരണം പുന:പരിശോധിച്ചതിന്റെ ഭാഗമായി പ്രസ്തുത തസ്തികയുടെ മിനിസ്റ്റീരിയൽ ഇതര ഫീഡർ കാറ്റഗറികൾക്ക് അനുവദിക്കേണ്ടതെന്ന് കണ്ടെത്തിയ 6 തസ്തികകൾ 29.6.2012 തീയതിയിൽ നിലവിലുണ്ടായിരുന്ന പരാമർശം (1)ലെ വിശേഷാൽ ചട്ടം 3 (12) നോട്ട് 2-ലെ 1:1:1:2 എന്ന അനുപാതത്തിൽ നിന്ന് മിനിസ്റ്റീരിയൽ ജീവനക്കാരുടെ രണ്ടാം അനുപാതം ഒഴിവാക്കി 1:0:1:2 എന്ന അനുപാതത്തിൽ ഫീഡർ കാറ്റഗറി ഐറ്റം നം.1, ഫീഡർ കാറ്റഗറി ഐറ്റം നം.3, ഫീഡർ കാറ്റഗറി ഐറ്റം നം.4 വിഭാഗത്തിൽപ്പെട്ടതും പരാമർശം (12),(13) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടതുമായ ചുവടെപ്പറയുന്ന ജീവനക്കാർക്ക് KS&SSR ചട്ടം 31(A)(1) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ Rs.14620-25280/- രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമനം നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ക്രമ നം.** | **ജീവനക്കാരുടെ പേരും ഇപ്പോഴത്തെ തസ്തികയും കാര്യാലയവും** | **ഫീഡർ കാറ്റഗറി ഐറ്റം നം.** | **ഉദ്യോഗക്കയറ്റം അനുവദിക്കുന്ന തസ്തികയും കാര്യാലയവും** | **അഭിപ്രായം** |
|---|---|---|---|---|
| 1 | ശ്രീമതി.കെ.എസ്.മായ<br>സീനിയർ ഇൻസ്ട്രക്ടർ,<br>VTC, തിരുവനന്തപുരം. | 1 | സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം,<br>പാലക്കാട്. | ഉദ്യോഗക്കയറ്റം |
| 2 | ശ്രീമതി. ബിനുജോൺ<br>ടെയ്ലറിംഗ് ഇൻസ്ട്രക്ടർ<br>മഹിളാമന്ദിരം, കോട്ടയം. | 3 | സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം<br>കോട്ടയം | ഉദ്യോഗക്കയറ്റം |
| 3 | ശ്രീമതി.എസ്.സജിത<br>ടെയ്ലറിംഗ് ഇൻസ്ട്രക്ടർ<br>ജുവനൈൽ ഹോം, കൊല്ലം. | 3 | സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം,<br>കണ്ണൂർ. | ഉദ്യോഗക്കയറ്റം |
| 4 | ശ്രീ. ടി.അജിത്കുമാർ<br>കെയർടേക്കർ,<br>ഒബ്സർവേഷൻ ഹോം<br>തിരുവനന്തപുരം. | 4 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട്. | ഉദ്യോഗക്കയറ്റം |

| | | | | |
|---|---|---|---|---|
| 5 | ശ്രീമതി.പി.സി. സെൽമ<br>കെയർടേക്കർ<br>ജുവനൈൽ ഹോം, കോഴിക്കോട്. | 4 | സൂപ്രണ്ട് ഗ്രേഡ് III<br>മഹിളാമന്ദിരം<br>കാസർഗോഡ്. | ഉദ്യോഗക്കയറ്റം |
| 6 | ശ്രീ. ബിനുറോയ്.N.K<br>കെയർടേക്കർ<br>ചിൽഡ്രൻസ് ഹോം, തൃശൂർ. | 4 | ചൈൽഡ്<br>വെൽഫെയർ<br>ഇൻസ്പെക്ടർ<br>ജില്ലാ സാമൂഹ്യനീതി<br>ഓഫീസ്,<br>കാസർഗോഡ്. | ഉദ്യോഗക്കയറ്റം |

6. മേൽ പ്രസ്താവിച്ച നടപടിയിലൂടെ പരാമർശം (5)ലെ നടപടിക്രമങ്ങൾ വിശേഷാൽ ചട്ടാനുസരണം പുനപരിശോധന നടത്തി വിശേഷാൽ ചട്ടത്തിൽ നിജപ്പെടുത്തിയിട്ടുള്ള അനുപാതത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകണമെന്നും ഏതെങ്കിലും ഫീഡർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ ചട്ടവിരുദ്ധമായി റേഷ്യോ മറികടന്ന് നിയമിച്ചിട്ടുണ്ടെങ്കിൽ ആയത് റിവർഷൻ മുഖേന ക്രമീകരിച്ച് അർഹരായ ഫീഡർ കാറ്റഗറിയിൽപെട്ട ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകണമെന്ന ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3)ലെ വിധിന്യായത്തിലെ ഖണ്ഡിക (5) പൂർണ്ണമായും നടപ്പിൽവരുത്തിയിരിക്കുന്നു.

7. പരാമർശം (11)ലെ നടപടിക്രമം പ്രകാരം 10.8.2010 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ പെട്ട 4 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിച്ചതു വഴിയുണ്ടായ 4 ഒഴിവും, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നംപർ 18-ാമത് ആയുള്ള ശ്രീ.പി.എൻ.വിനോദ്കുമാറിനെ സാമൂഹ്യനീതി ഡയറക്ടറുടെ 31.5.2014ലെ ഇ7-23443/14- ാം നംപർ നടപടിക്രമപ്രകാരം വകുപ്പിൽ നിന്ന് വിടുതൽ ചെയ്തതു വഴിയുണ്ടായ ഒരു ഒഴിവും, സാമൂഹ്യനീതി ഡയറക്ടറുടെ 9.6.2014ലെ ഇ7/23840/2014 നംപർ നടപടിക്രമ പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് 10.08.2010 തീയതിയ്ക്ക് മുൻപ് CWI തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ പരാമർശം (11) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് രണ്ട് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയത് വഴി ഉണ്ടായ 2 ഒഴിവും ചേർത്ത് ഏഴ് (7) ഒഴിവുകൾ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III തസ്തികയിൽ ഇപ്പോൾ നിലവിലുണ്ട്. ഈ ഒഴിവുകൾ എല്ലാം വിശേഷാൽ ചട്ട ഭേദഗതി പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിലെ യു.ഡി.ക്ലാർക്ക് തസ്തികയിൽപ്പെട്ട ജീവനക്കാർക്ക് അർഹതപ്പെട്ടതാണ്. ഈ സാഹചര്യത്തിൽ നിലവിലുള്ള 7 ഒഴിവുകൾ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിശേഷാൽ ചട്ട ഭേദഗതി പ്രകാരം 1:2:1:2 എന്ന അനുപാതത്തിൽ നിന്ന് രണ്ടാം ഫീഡർ കാറ്റഗറിയായ യു.ഡി.ക്ലാർക്ക് തസ്തികയിൽ നിന്ന് പരാമർശം (14), (15) പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന 7 ജീവനക്കാർക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ Rs.14620 - 25280/- രൂപ ശമ്പള സ്കെയിലിൽ KS&SSR ചട്ടം 31(A)(1) പ്രകാരം ബൈ-ട്രാൻസ്ഫർ മുഖേന ഉദ്യോഗക്കയറ്റ നിയമനം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും ഇപ്പോഴത്തെ തസ്തികയും കാര്യാലയവും | ഫീഡർ കാറ്റഗറി ഐറ്റം നം. | ഉദ്യോഗക്കയറ്റം അനുവദിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|---|
| 1 | ശ്രീ. എസ്.ജാഫർഖാൻ<br>യു.ഡി.ക്ലാർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | 2 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്<br>കോഴിക്കോട് | ഉദ്യോഗക്കയറ്റം |
| 2 | ശ്രീമതി. കെ.സുജാത<br>യു.ഡി.ക്ലാർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | 2 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്<br>തിരുവനന്തപുരം | ഉദ്യോഗക്കയറ്റം |
| 3 | ശ്രീമതി. ഗീതാകുമാരി.പി<br>യു.ഡി.ക്ലാർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | 2 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്<br>തിരുവനന്തപുരം | ഉദ്യോഗക്കയറ്റം |
| 4 | ശ്രീമതി. ടി.ശശികല<br>യു.ഡി.ക്ലാർക്ക്<br>ICDS പ്രോജക്ട് ഓഫീസ്<br>കൊടുവള്ളി. | 2 | സൂപ്രണ്ട് ഗ്രേഡ് III<br>ഷോർട്ട് സ്റ്റേ ഹോം,<br>കോഴിക്കോട്. | ഉദ്യോഗക്കയറ്റം |
| 5 | ശ്രീ.എം.എൻ.ദീപു<br>യു.ഡി.ക്ലാർക്ക്<br>ജില്ലാ സാമൂഹ്യനീതി ഓഫീസ്,<br>കോട്ടയം. | 2 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്,<br>എറണാകുളം. | ഉദ്യോഗക്കയറ്റം |
| 6 | ശ്രീമതി.എം.വി.സ്മിത<br>യു.ഡി.ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>ആലങ്ങാട് | 2 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ചിൽഡ്രൻസ് ഹോം (ഗേൾസ്),<br>എറണാകുളം. | ഉദ്യോഗക്കയറ്റം |
| 7 | ശ്രീമതി. ടി.ചിത്ര<br>യു.ഡി.ക്ലാർക്ക്<br>ഐ.സി.ഡി.എസ്<br>തിരുവനന്തപുരം അർബൻ-1 | 2 | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ<br>ചിൽഡ്രൻസ് ഹോം (ഗേൾസ്),<br>കോഴിക്കോട്. | ഉദ്യോഗക്കയറ്റം |

8. ഇപ്രകാരം മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽപെട്ട യു.ഡി.ക്ലാർക്ക് തസ്തികയിൽ നിന്ന് കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം 2010ൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ മുഖേന ഉദ്യോഗക്കയറ്റം നൽകപ്പെട്ടിട്ടുള്ള മേൽ പ്രസ്താവിച്ച ജീവനക്കാർ അവരുടെ ആദ്യ ചാനലിലേയ്ക്ക് മടങ്ങിപ്പോകുവാൻ താൽപര്യപ്പെടുന്ന പക്ഷം വിശേഷാൽ ചട്ടം 13 പ്രകാരം ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. (ഓപ്ഷൻ മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്).

9. മേൽ ഖണ്ഡിക 5, 7 പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ താൽക്കാലിക ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ഉദ്യോഗക്കയറ്റം KS & SSR ചട്ടം 28(എ)(1) പ്രകാരം റഗുലറൈസ് ചെയ്യുന്നത് മേൽ ഖണ്ഡിക 3(ii) പ്രകാരം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൻമേൽ സർക്കാർ സ്വീകരിക്കുന്ന അന്തിമ നിലപാടിന് വിധേയമായിട്ടായിരിക്കും.

10. ഉദ്യോഗക്കയറ്റം / ബൈ-ട്രാൻസ്ഫർ ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടനടി വിടുതൽ ചെയ്യേണ്ടതും ജീവനക്കാരുടെ വിടുതൽ പ്രവേശന തീയതികൾ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ഉദ്യോഗക്കയറ്റം / ബൈ-ട്രാൻസ്ഫർ ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത യാത്രബത്തയ്ക്കും പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കും.

11. ഈ ഉത്തരവിലൂടെ പരാമർശം (1) പ്രകാരം നിലവിലുള്ള വിശേഷാൽ ചട്ടം കാറ്റഗറി 12ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയുടെ കേഡർ സ്ട്രെങ്ത് ചുവടെ ചേർക്കുന്നു.

| | ഫീഡർ കാറ്റഗറി ഐറ്റം -1 | ഫീഡർ കാറ്റഗറി ഐറ്റം -2 | ഫീഡർ കാറ്റഗറി ഐറ്റം -3 | ഫീഡർ കാറ്റഗറി ഐറ്റം -4 | ആകെ |
|---|---|---|---|---|---|
| നിലനിർത്തേണ്ട കേഡർ സ്ട്രെങ്ത് (G.O (P) No. 78/2012/SJD dated 27.12.2012) | 6 | 12 | 6 | 12 | 36 |
| നിലവിലുള്ള കേഡർ സ്ട്രെങ്ത് | 6 | 8 | 7 | 15 | 36 |
| കൂടുതൽ / കുറവ് | | - 4 | * +1 | * +3 | |

(*പരാമർശം (2)ലെ വിശേഷാൽ ചട്ട ഭേദഗതി പ്രകാരം ഫീഡർ കാറ്റഗറി ഐറ്റം 3, 4 വിഭാഗം ജീവനക്കാർക്കുള്ള ഉദ്യോഗക്കയറ്റ ക്വാട്ട അധികരിച്ചു നിൽക്കുന്നത് പരാമർശം (5)ലെ ഉത്തരവ് തീയതിയിൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ dearth പരാമർശം (5)ലെ ഉത്തരവ് തീയതിയായ 29.6.2012 തീയതിയിൽ നിലനിന്നിരുന്ന പരാമർശം (1)ലെ വിശേഷാൽ ചട്ടാനുസരണമുള്ള റേഷ്യോ പ്രകാരം അനുവദിക്കപ്പെട്ടതിന്റെ ഫലമായിട്ടാണ്. ഫീഡർ കാറ്റഗറി ഐറ്റം 2-ൽ നിലവിലുള്ള dearth അടുത്ത ഒഴിവുകളിൽ ക്രമീകരിക്കുന്നതാണ്.)

12. വകുപ്പിലെ 14 ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ ഹെഡ് അക്കൗണ്ടന്റ് തസ്തികകളാക്കി പുനർനാമകരണം ചെയ്യപ്പെട്ടിട്ടുള്ളത് വിശേഷാൽ ചട്ടത്തിലുള്ള ഒരു തസ്തികയിലേക്കല്ലായെന്നും, അതിനർത്ഥം ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയുടെ പേരിലുണ്ടായ ഒരു മാറ്റം അതിന്റെ നിയമന രീതിയിൽ ഒരുവിധ മാറ്റവും വരുത്തിയിട്ടില്ലായെന്നും ആയതിനാൽ ഹെഡ് അക്കൗണ്ടന്റ് തസ്തികളായി പുനർനാമകരണം ചെയ്യപ്പെട്ട 14 ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ പരാമർശം (1)ലെ വിശേഷാൽ ചട്ടപ്രകാരം നിയമനം നടത്തണമെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 26.9.2013ൽ പുറപ്പെടുവിച്ച വിധിന്യായം ഖണ്ഡിക 6-ൽ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

" We notice that by re-designation of 14 posts of Child Welfare Inspector, they have not been converted into one of the posts included in Social Welfare Subordinate Service. That means, the change in nomenclature will not make any change in the method of appointment to those 14 posts provided in Annexure A1 Special Rules. That means, the vacancies which arise in those 14 converted posts shall also be filled up as provided under Annexure A1 Special Rules treating them as posts of Inspector, Social Welfare.

The Original application is disposed of as above".

13. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്നതും എന്നാൽ പദ്ധതി പ്രവർത്തനം നിലച്ചതുമായി Upgraded Special Nutrition Programme (USNP) എന്ന പദ്ധതിയിൽപ്പെട്ട തസ്തികകളാണ് ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ. പദ്ധതി പ്രവർത്തനം സംസ്ഥാനത്ത് നിർത്തൽ ചെയ്യപ്പെട്ടു എങ്കിലും അതിൽ അനുവദിക്കപ്പെട്ടിരുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കാലാനുസൃതം പ്രയോജനപ്പെടുത്തി വന്നിരുന്നു. ഈ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സംയോജിത ശിശുവികസന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ പരിധിയിൽ വരുന്ന 33,000 ത്തിൽ കൂടുതൽ അങ്കണവാടി കേന്ദ്രങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന 66,000-ൽപ്പരം അങ്കണവാടി പ്രവർത്തകരുടെ ഉന്നമനത്തിനായി 9.9.2009ൽ GO(Rt)No.436/2009/SWD എന്ന ഉത്തരവിൻ പ്രകാരം ആരംഭിച്ച പെൻഷൻ പദ്ധതിയുടെ പ്രവർത്തനത്തിനായി ജില്ലാതലത്തിൽ പെൻഷൻ സെൽ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനക്ഷമമല്ലാത്ത USNP പദ്ധതിയിൽപ്പെട്ട 14 ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ ഹെഡ് അക്കൗണ്ടന്റ് തസ്തികയായി പുനർനാമകരണം ചെയ്ത് നിയമനാധികാരി കൂടിയായ സാമൂഹ്യനീതി ഡയറക്ടർ 21.1.2012ൽ ഇ7-1261/2012 നം. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത നടപടി 10.9.2012ലെ GO(Rt)No.389/2012/SWD എന്ന ഉത്തരവ് പ്രകാരം സർക്കാർ സാധൂകരിച്ചിട്ടുള്ളതും. അംഗൻവാടി പ്രവർത്തനത്തിൽ നിന്ന് വിരമിക്കുന്ന അംഗൻവാടി പ്രവർത്തകരുടെ പെൻഷൻ അപേക്ഷകൾ ചട്ടപ്രകാരം പരിശോധിച്ച് പെൻഷൻ അനുവദിക്കുക, പെൻഷൻ അക്കൗണ്ടുകൾ യഥാവിധി സൂക്ഷിക്കുക എന്നിങ്ങനെയുള്ള മിനിസ്റ്റീരിയൽ ജോലി ചെയ്യുന്നതിനാണ് ഹെഡ് അക്കൗണ്ടന്റ് തസ്തികകൾ ഇപ്പോൾ പ്രയോജനപ്പെടുത്തി വരുന്നത്. മിനിസ്റ്റീരിയൽതല ജോലികൾ മാത്രം ആവശ്യമായ ഒരു പദ്ധതി എന്ന നിലയിൽ ശക്തമായ അടിത്തറയിൽ പെൻഷൻ പദ്ധതിപ്രവർത്തനം നടപ്പിലാക്കുന്നതിനും പരിമിതമായ ഹോണറേറിയം വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന അംഗൻവാടി പ്രവർത്തകരുടെ വാർദ്ധക്യകാല സംരക്ഷണത്തിനായി സർക്കാർ രൂപീകരിച്ചിട്ടുള്ള പെൻഷൻ

പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുമായിട്ടാണ് ഹെഡ് അക്കൗണ്ടന്റ് തസ്തികയിലുള്ള മിനിസ്റ്റീരിയൽ ജീവനക്കാരെ ഈ ജോലികൾക്ക് നിയോഗിച്ചിട്ടുള്ളത്.

14. അപ്രകാരം കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയാക്കി പുനർനാമകരണം ചെയ്ത് മാറ്റപ്പെട്ടതോടെ 14 ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ ഇല്ലാതാവുകയും അവ ഹെഡ് അക്കൗണ്ടന്റ് തസ്തികകളായി മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ പരിധിയിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം മാത്രമേ ഉദ്യോഗക്കയറ്റം നൽകുവാൻ കഴിയുകയുള്ളു എന്നതിനാൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയുടെ പേരിലുണ്ടായ മാറ്റം അതിന്റെ നിയമന രീതിയിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്ന അടിസ്ഥാനത്തിൽ പുനർനാമകരണം ചെയ്യപ്പെട്ട ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ പരാമർശം (1)ലെ വിശേഷാൽ ചട്ടപ്രകാരം നിയമനം നൽകണമെന്ന ബഹു.കേരള അഡ്മിനിസ്ട്രേററീവ് ട്രൈബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച വിധി ന്യായത്തിലെ 6- ാം ഖണ്ഡികയിലെ ഉത്തരവ് പ്രയോഗത്തിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ഹെഡ് അക്കൗണ്ടന്റ് തസ്തികകൾ തിരികെ പുനർനാമകരണം ചെയ്ത് ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളാക്കുന്നതിന് സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണെന്നും എന്നാൽ ബഹു. Kerala Administrative Tribunal പുറപ്പെടുവിച്ച 6- ാം ഖണ്ഡികയിലെ ഉത്തരവിനെതിരെ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള 24/2013- ാം നം. റിവ്യൂ ആപ്ലിക്കേഷനിൽ ഹെഡ് അക്കൗണ്ടന്റ് തസ്തിക നിലനിർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ബഹു. Kerala Administrative Tribunal മുമ്പാകെ വസ്തുതാ വിവരണ പത്രിക (Statement of Facts) ഫയൽ ചെയ്യാൻ അഞ്ചാം എതിർ കക്ഷിയായ സർക്കാർ ആറാം എതിർകക്ഷിയായ സാമൂഹ്യനീതി ഡയറക്ടറെ പരാമർശം (10) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. വകുപ്പിൽ പ്രവർത്തിച്ചിരുന്ന USNP പദ്ധതിയിൽ അനുവദിക്കപ്പെട്ടിരുന്നതും എന്നാൽ ഇപ്പോൾ പ്രവർത്തന രഹിതവുമായ പ്രസ്തുത പദ്ധതിയിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ വകുപ്പിന് അനുയോജ്യമായ വിധത്തിൽ ക്രമീകരിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. അതിന്റെ ഭാഗമായിട്ടാണ് 14 ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ ഹെഡ് അക്കൗണ്ടന്റ് തസ്തികകളാക്കി പുനർ നാമകരണം ചെയ്ത് അംഗൻവാടി പെൻഷൻ പദ്ധതിയിൽ സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം വകുപ്പിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ വകുപ്പിന് അനുയോജ്യമായ വിധത്തിൽ ക്രമീകരിക്കുന്നതിന്റെ ഭാഗമായി 9 ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ ബാലനീതി നിയമ പ്രകാരം വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമ സ്ഥാപനങ്ങളിലേയ്ക്ക് ഷിഫ്റ്റ് ചെയ്തും ഓരോ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ വീതം പാലക്കാട്, വയനാട് എന്നീ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് 24.04.2014ലെ G.O (Rt) No. 277/2014/ SJD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

15. പരാമർശം (1) ലെ വിശേഷാൽ ചട്ടപ്രകാരം നിലവിലുള്ള ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ നിന്ന് 14 എണ്ണം മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട ഹെഡ് അക്കൗണ്ടന്റ് തസ്തികയായി സർക്കാർ പുനർനാമകരണം ചെയ്തിട്ടുള്ളതു വഴി 14 ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾ വിശേഷാൽ ചട്ടത്തിലെ നിയമന രീതിക്ക് പുറത്തായിട്ടുണ്ട്. ഇപ്രകാരം പുനർനാമകരണം ചെയ്യപ്പെട്ട ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നടത്തേണ്ടത് സംസ്ഥാനമൊട്ടാകെ ബാധകമായ

മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരമായിരിക്കണം. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയായി പുനർനാമകരണം ചെയ്യപ്പെട്ടിട്ടും പ്രസ്തുത തസ്തികകളിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകൾക്ക് ബാധകമായ പരാമർശം (1) ലെ വിശേഷാൽ ചട്ടപ്രകാരം ഉദ്യോഗക്കയറ്റം നൽകുന്നത് പ്രായോഗികമല്ല.

16. പരാമർശം (3)-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം ഇപ്രകാരം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ, Kerala Administrative Tribunal(Tvpm Branch with C/L)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്.
3. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്.
4. എല്ലാ ആർ.എ.ഡി-മാർക്കും.
5. ഇ1 മുതൽ ഇ13 വരെ.
6. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്.

ഉത്തരവിൻ പ്രകാരം

N. Radhakrishnan

**സൂപ്രണ്ട്.**

DB/E9-Proceedings (5.6.14)

അനുബന്ധം

# ഓപ്ഷൻ മാതൃകാ ഫോറം

(2010ലെ കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടം, ചട്ടം 13)

2010ലെ കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ട പ്രകാരം ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ /ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -3 തസ്തികയിൽ KS & SSR ചട്ടം 31 ( A) (1) പ്രകാരം താൽക്കാലിക ഉദ്യോഗക്കയറ്റം (ഉത്തരവ് നം. ഇ8 /39687/12/DSJ തീയതി 10.06.2014) ലഭിച്ച ഞാൻ, തിരികെ എന്റെ മാതൃ സർവ്വീസ് ആയ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് ഇതിനാൽ ഓപ്റ്റ് ചെയ്തിരിക്കുന്നു.

സ്ഥലം

ഒപ്പ്

തീയതി

ജീവനക്കാരന്റെ പേര്, തസ്തിക

കാര്യാലയമേധാവിയുടെ മേലൊപ്പ്

ഉദ്യോഗപ്പേര്

ഓഫീസ് സീൽ